# THE Travancore Government Gazette.

# തിരുവിതാംകോട്ടു സർക്കാർ ഗസെററ്

PUBLISHED BY AUTHORITY EVERY TUESDAY.

ഉത്തരവിൻപ്രകാരം ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു.

VOL. XLVII.] TRIVANDRUM, TUESDAY, January 19, 1909. / Makaram 7, 1084. No. 3

വാല്യം ൪൭ തിരുവനന്തപുരം ൧൯൦൯ ജനുവരി ൧൯ / ൧൦൮൪ മകരം ൭ ചൊവ്വാഴ്ച നമ്പർ ൩

## CONTENTS.

### PART I



### PART II.



### ഒന്നാം ഭാഗം



### രണ്ടാം ഭാഗം.

# Part. I—ഒന്നാം ഭാഗം.

## Appointments.

REVENUE AND MAGISTRACY.

His Highness the Maha Raja has been pleased to appoint M. R. Ry. P. Ramakrishna Iyer Avergal, B. A., Deputy Peishkar, Trivandrum division, as Dewan Peishkar with effect from the 13th January 1909/1st Makaram 1084.

The Deputy Tahsildar, Kunnathur taluk, to be in charge of the revenue duties and the Taluk Magistrate, Kottarakara, to be in charge of the magisterial duties of the Kunnathur taluk without prejudice to their own, during the absence of M. R. Ry. K. Raman Thampi Avergal, B. A., on leave or until further orders.

## Confirmation

JUDICIAL DEPARTMENT.

His Highness the Maha Raja has been pleased to sanction the confirmation of M. R. Ry. K. Narayana Menon Avergal, B. A. & B. L., as Senior District and Sessions Judge.

REVENUE AND MAGISTRACY.

His Highness the Maha Raja has been pleased to confirm M. R. Ry. S. Sankara Pillai Avergal, B. A., Acting Dewan Peishkar, Padmanabhapuram division, as Dewan Peishkar with effect from the 15th January 1909/3rd Makaram 1084, *vice* M. R. Ry. K. P. Sankara Menon Avergal, B. A. & B. L., confirmed as Puisne Judge, High Court.

## Leave of absence.

Mr. A. J. Vieyra, B. A., Chief Secretary to Government, five days' casual leave.

REVENUE AND MAGISTRACY.

M. R. Ry. K. Raman Thampi Avergal, B. A., Tahsildar and 2nd Class Magistrate, Kunnathur taluk, special casual leave for fifteen days.

MEDICAL DEPARTMENT.

Surgeon E. Poonen, B. A., M. D., M. CH., in charge of the General Hospital, Trivandrum, a week's leave in continuation of the six weeks' privilege leave already granted to him.

## Cancelment of leave.

The one month's privilege leave granted to Mr. I. C. Chacko, State Geologist, Northern division, is cancelled at his request.

## നിയമനം

തിരുവനന്തപുരം ഡിവിഷൻ ഡിപ്യൂട്ടിപേഷ്കാർ മ. രാ. രാ. പി. രാമകൃഷ്ണയ്യർ ബി. എ. അവർകളെ ൧൦൮൪ മകരം ൧-ാം മുതൽ ദിവാൻപേഷ്കാരായി കല്പിച്ചു നിയമിച്ചിരിക്കുന്നു.

മ. രാ. രാ. കെ. രാമൻതമ്പി ബി. എ. അവർകൾ അവധിയിൽ ഇരിക്കുന്ന കാലത്തോ ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെയോ കുന്നത്തൂർ താലൂക്കിലെ റവന്യൂ ജോലികളെ നോക്കുന്നതിനു കുന്നത്തൂർ താലൂക്ക ഡപ്യൂട്ടി തഹശീൽദാരെയും മജിസ്ട്രേട്ട സംബന്ധമായ ജോലികൾ നോക്കുന്നതിനു കൊട്ടാരക്കര താലൂക്കു മജിസ്ട്രേട്ടിനെയും അവരുടെ സ്വന്തജോലിക്കു വിരോധം കൂടാതെ നിയമിച്ചിരിക്കുന്നു.

## സ്ഥിരപ്പെടുത്തിയ വിവരം.

മ. രാ. രാ. ബി. എ. ബി. എൽ. കെ. നാരായണമെനോൻ അവർകളെ സീനിയർ ഡിസ്ത്രിക്ട സെഷ്യൻ ജഡ്ജിയായി കല്പിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നു.

മ. രാ. രാ. കെ. പി. ശങ്കരമെനോൻ ബി. എ. ബി. എൽ. അവർകളെ ഹൈക്കോർട്ടിൽ പ്യൂണിജഡ്ജിയായി സ്ഥിരപ്പെടുത്തിയതിനു പകരം പത്മനാഭപുരം ഡിവിഷൻ ആക്റ്റിങ്ങ് ദിവാൻപേഷ്കാർ മ. രാ. രാ. എസ്സ്. ശങ്കരപ്പിള്ള ബി. എ. അവർകളെ ൧൦൮൪ മകരം ൩-ാം മുതൽ ദിവാൻപേഷ്കാരായി കല്പിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നു.

## അവധി കൊടുത്ത വിവരം.

ഗവൎമ്മെന്റ ചീഫ് സിക്രട്ടറി മിസ്റ്റർ എ. ജെ. വിയറാ ബി. എ. ക്കു അഞ്ചുദിവസത്തെ ക്യാഷ്വൽ അവധി അനുവദിച്ചിരിക്കുന്നു.

കുന്നത്തൂർ താലൂക്കു തഹശീൽദാരും ൨-ാം ക്ലാസ്സ മജിസ്ട്രേട്ടുമായ മ. രാ. രാ. കെ. രാമൻതമ്പി ബി. എ. അവർകൾക്കു ൧൫ ദിവസത്തെ സ്പെഷ്യൽ ക്യാഷ്വൽ അവധി കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം ജനറൽ ആശുപത്രി മേൽവിചാരം സർജിയൻ ഇ. പൂനൻ (ബി. എ. എം. ഡി. എം. സി. എച്ച്.) ന്നു കൊടുത്തിരുന്ന ആറു ആഴ്ചവട്ടത്തെ അവധിയോടു തുടർന്ന് ഒരു ആഴ്ചവട്ടത്തേക്കു അവധി കൊടുത്തിരിക്കുന്നു.

## അവധി റദ്ദുചെയ്ത വിവരം.

വടക്കൻ ഡിവിഷൻ സ്റ്റേറ്റ ജിയാളജിസ്റ്റ മിസ്റ്റർ. ഐ. സി. ചാക്കോവിനു കൊടുത്ത ഒരുമാസത്തെ പ്രിവിലേജ് അവധി അപേക്ഷപ്രകാരം റദ്ദുചെയ്തിരിക്കുന്നു.

൬. സൎക്കാർ തോട്ടങ്ങൾക്ക പുറമെയായി പരിശോധന പ്രയോഗങ്ങൾ നടത്തുന്നതു കൊള്ളാം എന്ന ഡൈറെക്ടർ ബോധിപ്പിച്ചിരിക്കുന്നു. ഉരങ്ങൾ വാങ്ങിക്കുന്നവകക്കും മറ്റു അനുഷംഗികങ്ങളായ ചിലവുകൾക്കും ആയി വിശേഷാലായി ൫൦൦ (അഞ്ഞൂറു) രൂപാ അനുവദിക്കണമെന്ന അപേക്ഷിച്ചിരിക്കുന്നു. ഈ തുക അനുവദിച്ചിരിക്കുന്നു.

## മൃഗവൈദ്യശാലകൾ.

൭. ഇപ്പോൾ സംസ്ഥാനംഒട്ടുക്കമായി ഒരു മൃഗവൈദ്യശാലമാത്രമെ ഉള്ളു. അതു തിരുവനന്തപുരത്തു ഉള്ളതാകുന്നു. ഇതു മതിയാകുന്നതല്ല എന്ന ഡൈറെക്ടർ വിചാരിക്കുന്നു. മൃഗവൈദ്യസഹായത്തിനു കൂടുതൽ ആവശ്യം ഉള്ളതിനെക്കുറിച്ചു ഓരോ ഡിവിഷനിലേക്ക കുറഞ്ഞപക്ഷം ഒരു മൃഗവൈദ്യശാലഎങ്കിലും ഉണ്ടായിരിക്കണം എന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ നിൎദ്ദേശങ്ങളെക്കുറിച്ചു ഉത്തരവുകൾ പ്രത്യേകമായി അയക്കുന്നതാകുന്നു.

## ലാബൊറെട്ടറി (പ്രയോഗശാല)

൮. വേണ്ട സാമഗ്രികളോടുകൂടിയതായ പ്രയോഗശാല ഏൎപ്പെടുത്തുന്നതിനും അതിനെ തിരുവനന്തപുരത്തൊ കൊല്ലത്തൊ സ്ഥാപിക്കുന്നതിനും ഗവൎന്മെണ്ട് അനുവദിക്കുന്നു. ഇപ്പഴത്തേക്ക ലാബൊറട്ടറിവകക്ക ഒരു അസിസ്റ്റണ്ടിനെ അനുവദിച്ചിരിക്കുന്നു. ജോലിപുഷ്ടിയായി വരുന്നതോടുകൂടി കൂടുതൽ അസിസ്റ്റണ്ടിനെ നിയമിക്കുന്നതിനെക്കുറിച്ചു ആലോചിക്കുന്നതാകുന്നു. ഇതിലേക്ക തക്ക സ്ഥിരമായ കെട്ടിടം ഉണ്ടാക്കുന്നതിനു താമസം ഉള്ളതുകൊണ്ടു ലാബൊറട്ടറിവകക്ക തല്ക്കാലമായ സ്ഥലസൌകൎയ്യം ആവശ്യം ആകുന്നു. രാജകീയകാളേജിൽ ഉള്ള ലാബൊറെട്ടറിയിൽ ഒന്നൊ രണ്ടൊ മുറികൾ തല്ക്കാലത്തേക്കായി ഡൈറെക്ടരുടെ അധീനത്തിൽ കൊടുക്കുന്നതിനു സൌകൎയ്യം ഉണ്ടൊ എന്ന പ്രിൻസിപ്പാൾ എഴുതി അയക്കേണ്ടതാകുന്നു. കേവുകൂലി മുതലായവകകളും ചിലവുൾപ്പെടെ (അയ്യായിരം) ൫൦൦൦ രൂപാക്ക സാമഗ്രികളും ഔഷധങ്ങളും വിലക്കുവാങ്ങിക്കുന്നതിനു ഡൈറെക്ടർ ഇണ്ടെണ്ട് അയച്ചിരിക്കുന്നതിനെ അനുവദിച്ചിരിക്കുന്നു. ഈ വൎഷത്തേക്ക പുസ്തകങ്ങളും പീരിയാഡിക്കൽസും വകക്ക (രണ്ടായിരം) ൨൦൦൦ രൂപാ തുകയും അനുവദിച്ചിരിക്കുന്നു.

## സ്ഥലങ്ങളും കെട്ടിടങ്ങളും.

൯. ലാബൊറെട്ടറി കെട്ടിടംവകക്ക എസ്റ്റിമെട്സും പ്ലാനും ചീഫ് എൻജിനീയർ അയക്കേണ്ടതാകുന്നു. തിരുവനന്തപുരം ഡിവിഷൻപേഷ്കാർ ഡൈറെക്ടരുമായി ആലോചിച്ചു തിരുവനന്തപുരത്തു കന്നുകാലി വളൎത്തു തോട്ടത്തിനായി ഒരു സ്ഥലം പ്രത്യേകം തിരഞ്ഞെടുക്കേണ്ടതാകുന്നു. കൊല്ലത്തും തിരുവനന്തപുരത്തും ഉള്ള കൃഷിത്തോട്ടങ്ങൾക്ക കൂടുതലായ സ്ഥലങ്ങൾ എടുക്കുന്നതിനു അവിടങ്ങളിലെ പേഷ്കാർമാർ വേണ്ട നടപടി നടത്തേണ്ടതാകുന്നു. ഉചിതമായ സൎക്കാർ സ്ഥലങ്ങൾ ലഭ്യങ്ങളല്ലാതിരിക്കുന്നെടങ്ങളിൽ മാത്രമെ കുടികളുടെ വസ്തുക്കൾ പൊന്നും വിലയുംകൊടുത്തു ഒഴിപ്പിക്കാവു.

## ജീവനക്കാർ.

൰. ഇപ്പോൾ പുനസ്സംഘടിതമായ വിധത്തിൽഉള്ള ഡിപ്പാൎട്ടുമെണ്ടിലേക്ക ആവശ്യമുള്ള മേൽത്തരം ജീവനക്കാരായി ആഗ്രികൾചറൽ ബ്രാഞ്ചിൽ രണ്ടു തോട്ടങ്ങൾക്കായി രണ്ടു ഇൻസ്പെക്ടർമാരും രണ്ടു സബ് ഇൻസ്പെക്ടർമാരും വിശേഷാൽ ജോലിക്കായി മൂന്നാമതു ഒരു ഇൻസ്പെക്ടരും ഡൈറെക്ടൎക്കവേണ്ടിയിരിക്കും. അതനുസരിച്ചു ൩ ആഗ്രികൾചർ ഇൻസ്പെക്ടർമാൎക്കും ൨ സബ്ബ് ഇൻസ്പെക്ടർമാരുടെ ശമ്പളം മാസം ഒന്നുക്ക ൫൦—൫—൭൫ രൂപായായും സബ്ബ് ഇൻസ്പെക്ടർമാരുടെ ശമ്പളം ൨൫—൩—൪൦ രൂപായായും തീൎച്ചപ്പെടുത്തിയിരിക്കുന്നു.

൧൧. മേൽ ൫ ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ ഡൈറെക്ടരുടെ നിൎദ്ദേശങ്ങളെക്കുറിച്ചു ഉത്തരവു കൊടുക്കുമ്പോൾ വെട്ടറനറി ബ്രാഞ്ചിലുള്ള ജീവനക്കാരുടെ പുനസ്സംഘടനം നടത്തുന്നതാകുന്നു.

൧൦. ലാബൊറട്ടറി ജോലി വകക്ക അസിസ്റ്റണ്ടിന്റെ ശമ്പളം മാസം ഒന്നുക്ക ൩൫-൫-൪൫ രൂപായായി സ്ഥിരപ്പെടുത്തിയിരിക്കുന്നു.

൧൧. അഗ്രികൾചർ ഇൻസ്പെക്ടർമാരും ലാബൊറട്ടറി അസിസ്റ്റണ്ടും നിയമേന അതാതു പണിക്ക യോഗ്യതസിദ്ധിച്ചവർ ആയിരിക്കണം. ൟ ജീവനങ്ങൾക്കായി ആളുകളെ നിയമിക്കുന്നതിൽ എത്രയും കുറഞ്ഞ ശമ്പളത്തിനേക്കാൾ കൂടുതലായ ശമ്പളം ആദ്യമായി നിയമിക്കുമ്പോഴെ കൊടുക്കുന്നതായ പ്രോത്സാഹനം നൽകേണ്ടതു ആവശ്യമാണെന്നു കാണുന്നതായാൽ ആ വിധം ശമ്പളംകൊടുത്തു പ്രത്യേകിച്ചും യോഗ്യതാവിശേഷമുള്ള ആളുകളെ ആക്കുന്നതിനു ഗവർമ്മെണ്ടു സന്നദ്ധമായിരിക്കുന്നു.

൧൨. ഇൻസ്പെക്ടർമാരുടേയും സബ്ബ് ഇൻസ്പെക്ടർമാരുടേയും ശമ്പളത്തെ അവരുടെ പ്രത്യേകജോലിസ്ഥലത്തേക്ക ഉള്ളതായി ചിലവെഴുതരുതു. ആ ശമ്പളം ഓരോ ആളുംപേരിൽ ഉള്ളതാകുന്നു, അവരെ ജോലിക്ക നിയമിക്കുന്ന സ്ഥലത്തിനും അവരുടെ ഗ്രേഡിനും തമ്മിൽ സംബന്ധമില്ലാ എന്നുവരുകിലും ക്ലാർക്ക് ശിപായിമാർ ഭൃത്യന്റെ നിലയിലുള്ളവർ എന്നീ ജീവനക്കാരെ ഓരോ പ്രത്യേകസ്ഥലത്തേക്കും ചേർന്നതായി നിശ്ചയിക്കേണ്ടതാകുന്നു. തോട്ടക്കാരുടേയും കൂലിവേലക്കാരുടേയും ശമ്പളത്തെ സാധാരണമായി കണ്ടിജെൻസു തുകയിൽ ഉൾപ്പെടുത്തി ചിലവു എഴുതേണ്ടതാകുന്നു. ആ വിധം ആളുകളെ സ്ഥിരലാവണത്തിൽ ഉൾപ്പെടുത്തി സ്ഥിരലാവണമുള്ള ജീവനക്കാരുടെ എണ്ണത്തെ വർദ്ധിപ്പിക്കുന്നതു തെറ്റാകുന്നു എന്നുവരികിലും ഇപ്പഴെ സ്ഥിരലാവണത്തിലുള്ള തോട്ടക്കാരേയും മറ്റു വേലക്കാരേയും ആ ലാവണത്തിൽ തന്നെ മേലും വച്ചുകൊള്ളേണ്ടിയിരിക്കുന്നു. എന്നാൽ ഒഴിവു വരുമ്പോൾ ൟ ഇനത്തിൽ ഉള്ളവരെ സ്ഥിരലാവണ ജീവനക്കാരായി നിയമിച്ചുകൂടാത്തതാകുന്നു. തോട്ടങ്ങൾക്കും ലൈബ്രറിക്കും ഓരോ സ്ഥലത്തേക്ക പ്രത്യേകമായി അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം ൧ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

൧൩. മേൽതരം ജീവനത്തിലായും കീഴ്തരം ജീവനത്തിലായും ഇപ്പോൾ ഇരിക്കുന്ന ആളുകളെ ഇപ്പോൾ അനുവദിച്ച ഏർപ്പാട്ടിൽ ഉൾപ്പെടുത്തിക്കൊള്ളേണ്ടതാകുന്നു. അവരുടെ ഇപ്പഴത്തെ ശമ്പളത്തിനും ഇപ്പോൾ അനുവദിച്ചിട്ടുള്ള ശമ്പളത്തിനും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടായിരുന്നാൽ പുതിയശമ്പളം പഴയശമ്പളത്തേക്കാൾ കുറഞ്ഞിരിക്കുമ്പോൾ ആ വ്യത്യാസത്തെ പെർസണൽ അലവൻസ് ആയി ഗണിക്കേണ്ടതാകുന്നു.

## കൃഷിസംബന്ധമായ വിദ്യാഭ്യാസം.

൧൪. സർക്കാർ പള്ളിക്കൂടങ്ങളിൽ ഒരു വിധം കൃഷിസംബന്ധമായ പാഠങ്ങൾ പഠിക്കുന്ന രീതി നടപ്പാക്കണം എന്നു ഡൈറെക്ടർ അഭിപ്രായപ്പെടുന്നു. ൟ അഭിപ്രായത്തെക്കുറിച്ചു ആലോചിക്കയും പ്രത്യേകമായി തീർച്ചചെയ്യുകയും ചെയ്യുന്നതാകുന്നു.

കൃഷിഡൈറെക്ടർക്ക
രാജകീയകാളേജ് പ്രിൻസിപ്പാലിനു
എല്ലാ ഡിവിഷൻ പേഷ്ക്കാർമാക്കും തഹശീൽദാർമാക്കും
ചീഫ് ഇൻജിനീയർക്ക
ഫിനാൻഷ്യൽ സെക്രിട്ടരിക്ക.

ഉത്തരവുപ്രകാരം,
എ. ജെ. വിയറാ,
ഗവർമ്മെണ്ടു ചീഫ് സെക്രിട്ടരി.

അനുബന്ധം എ.

| ഇനം | തുക രൂപാ | ആകെ രൂപാ |
|---|---|---|
| കൃഷിത്തോട്ടവും കന്നുകാലിത്തോട്ടവും തിരുവനന്തപുരം | | |
| ക്ലാക്ക് (൧൮) | ൧൩൪ | |
| മേസ്ത്രി (൧൨) | ൧൮൮ | |
| പ്യൂൺ (൭) | ൪൮ | |
| തോട്ടക്കാർ ൧൦ (൩) | ൭൨൦ | |
| സപ്ലൈസുകളും സർവീസുകളും | ൬൨൭ | |
| കണ്ടിജെൻസി | ൧൫൩൪ | ൫൯൩൦ |
| കൃഷിത്തോട്ടം കൊല്ലം | | |
| മേസ്ത്രി (൧൦) | ൧൨൦ | |
| പ്യൂൺ (൭) | ൪൮ | |
| തോട്ടക്കാർ ൬ (൩) | ൨൧൩ | |
| സപ്ലൈസും സർവീസും | ൧൦൧൩ | |
| കണ്ടിജെൻസി | ൪൫൫ | ൨൨൯൧ |
| ലാബൊറട്ടറി ജീവനക്കാർ | | |
| പ്യൂൺ ൨ (൭) | ൧൩൪ | |
| സപ്ലൈസും സർവീസും | ൭൯൬൩ | ൭൫൮ |
| ആകെ | | ൧൫൭൫൫ |

## അനുബന്ധം (B)

| ഇപ്പോൾ ഇരിക്കുന്ന ശമ്പളക്കാർ | ഏററവും കുറഞ്ഞ ശമ്പളം രൂപാ | ഏററവും കൂടിയ ശമ്പളം രൂപാ | ഭേദപ്പെടുത്തിയ ക്രമത്തിനുള്ള ശമ്പളക്കാർ | ഏററവും കുറഞ്ഞ ശമ്പളം രൂപാ | ഏററവും കൂടിയ ശമ്പളം രൂപാ |
|---|---|---|---|---|---|
| കൃഷിവക ഡൈരക്ടർ (൨൫൦-൨൫-൪൦൦) | ൩൦൦൦ | ൪൮൦൦ | കൃഷിവക ഡൈരക്ടർ (൨൫൦-൨൫-൪൦൦) | ൩൦൦൦ | ൪൮൦൦ |
| ഹെഡ് ക്ലാർക്ക (൨൫) അസിസ്റ്റാന്റു ക്ലാർക്ക (൨൦) പ്യൂൺ ൪ (൭) | ൮൭൯ | ൮൭൯ | ഹെഡ് ക്ലാർക്ക (൨൫) അസിസ്റ്റന്റു ക്ലാർക്ക (൨൦) പ്യൂൺ ൪ (൭) | ൮൭൯ | ൮൭൯ |
| കൃഷി സൂപ്രണ്ടന്റു (൧൫൦) | ൧൮൦൦ | ൧൮൦൦ | † കൃഷി ഇൻസ്പെക്ടന്മാർ ൩ (൫൦-൫-൧൨൫) | ൧൮൦൦ | ൪൫൦൦ |
| ടി അസിസ്റ്റന്റു (൨൫), (൨൦+൧൦) | ൯൯൦ | ൯൯൦ | ടി സബ് ഇൻസ്പെക്ടർമാർ ൨ (൨൫-൩-൪൦) | ൯൦൦ | ൬൯൦ |
| ക്ലാർക്ക (൧൨) | ൧൪൪ | ൧൪൪ | ക്ലാർക്ക (൧൪) | ൧൯൮ | ൧൯൮ |
| മേസ്ത്രി (൧൦), (൭) | ൨൦൪ | ൨൦൪ | മേസ്ത്രി (൧൨), (൧൦) | ൨൯൪ | ൨൯൪ |
| പ്യൂൺ (൭), (൯) | ൧൫൯ | ൧൫൯ | പ്യൂൺ ൨ (൭) | ൧൯൮ | ൧൯൮ |
| തോട്ടക്കാർ ൪ (൯), ൩ (൫൧/൨), (൫൧/൪), ൫ (൫) | ൮൪൬ | ൮൪൬ | തോട്ടക്കാർ ൧൩ (൯) | ൬൩൯ | ൬൩൯ |
| ട്രാവല്ലിംഗ് അല്ലവൻസ് | ൧൩൦൦ | ൧൩൦൦ | ട്രാവല്ലിംഗ് അല്ലവൻസ് | ൧൨൬൦ | ൧൨൬൦ |
| സപ്ലൈസും സർവീസും | ൮൧൫ | ൮൧൫ | സപ്ലൈസും സർവീസും | ൪൬൮൨ | ൪൬൮൨ |
| കണ്ടിൻജൻസി | ൨൬൫൦ | ൨൬൫൦ | കണ്ടിൻജൻസി | ൪൬൮൫ | ൪൬൮൫ |
| ലാബൊറെട്ടറി | | | ലാബൊറെട്ടറി | | |
| ലാബൊറെട്ടറിയും ഉപകരണങ്ങളും | ൧൨൦൦൦ | ൧൨൦൦൦ | അസിസ്റ്റന്റു (൭൫-൧൫-൧൫൦) | ൬൦൦ | ൧൮൦൦ |
| തെങ്ങുവൃക്ഷരോഗം വകക്ക | ൫൦൦൦ | ൫൦൦൦ | പ്യൂൺ ൨ (൭) | ൧൯൮ | ൧൯൮ |
| കൂടതലായി രണ്ടു തോട്ടങ്ങൾക്ക | ൧൦൦൦ | ൧൦൦൦ | സപ്ലൈസും സർവീസും | ൭൩൩൯ | ൭൩൩൯ |
| ആകെ | രൂ ൩൦,൭൫൪ | ൩൨,൫൫൪ | ആകെ | ൨൭,൪൬൨ | ൩൩,൨൫൯ |

† മിസ്റ്റർ നാരായണസ്വാമി അയ്യർക്ക ഇപ്പോൾ അനുവദിച്ചിരിക്കുന്ന ക്രമത്തിനു കൃഷി ഇൻസ്പെക്ടർക്കുള്ള ഏററവും കൂടുതൽ ശമ്പളവും ൨൫ രൂപാ പെർസണൽ അലവൻസും കൊടുക്കുന്നതാണ്

No. J. 256.

## NOTIFICATION.

Under Section 5 of Regulation I of 1070, it is hereby notified that, under sanction His Highness the Maharaja, the local jurisdiction of the Sub-Registry offices at Kayenkulam, Kartigapalli and Mavelikara will be constituted as follows with effect from 1st Kumbhom 1084, corresponding to 12th February 1909.

Huzur Cutcherry,
Trivandrum,
18th January 1909.

P. RAJAGOPALA CHARI,
Dewan.

| District. | Sub-District. | Pakuthies comprised in each Sub-District. | Proverthies in which the pakuthies are included. |
|---|---|---|---|
| Quilon district. | Kayenkulam. | Keerikkadu ... ... ... | Keerikkadu. |
| | | Kantallur ... ... ... | |
| | | Muthukulam ... ... ... | Muthukulam. |
| | | Arattupuzha ... ... ... | |
| | | Pathiyur ... ... ... | Pathiyur. |
| | | Perungala ... ... ... | Thekkekara. |
| | Kartigapalli. | Harippadu ... ... ... | Harippadu. |
| | | Cheruthana ... ... ... | |
| | | Kartigapalli ... ... ... | Kartigapalli. |
| | | Chingoli ... ... ... | |
| | | Kizhakkekara ... ... ... | Kizhakkekara. |
| | | Veeyapuram ... ... ... | |
| | | Kumarapuram ... ... ... | Kumarapuram. |
| | | Karuvatta ... ... ... | |
| | | Pallippadu ... ... ... | Pallippadu. |
| | | Nangiarkulangara ... ... ... | |
| | | Thrikkunnapuzha ... ... .. | Thrikkunnapuzha. |
| | | Cheppadu ... ... ... | Cheppadu. |
| | | Valiakuzhi ... ... ... | |
| | Mavelikara. | Thekkekara ... ... ... | Thekkekara. |
| | | Kannamangalam ... ... ... | Kannamangalam. |
| | | Mavelikara ... ... ... | Mavelikara. |
| | | Thazhakara ... ... ... | |

൭൭ നമ്പർ വിളംബരം

## പരസ്യം

൧൦൭൦-ലെ ൧൧-ാം റെഗുലേഷൻ ൭-ാം വകുപ്പിലെ താല്പൎയ്യപ്രകാരം പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

കായംകുളം, കാൎത്തികപ്പള്ളി, മാവേലിക്കര ൩ സബ് രജിസ്ത്രാപ്പീസുകളുടെ അധികാരാതൃത്തികളെ ൧൦൮൪ ഫെബ്രുവരി ൧൨-ാംനു ൧൦൮൪ കുംഭം ൧-ാംനു മുതൽ താഴെ വിവരിക്കുന്നപ്രകാരം മാറ്റുന്നതിനു കല്പിച്ചു അനുവദിച്ചിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൯ ജനുവരി ൧൮-നു

ദിവാൻ പി. രാജഗോപാലചാരി,
ദിവാൻ ബഹദൂർ.

| ഡിസ്ത്രിക്ട് | സബ് ഡിസ്ത്രിക്ട് | ഓരോ സബ് ഡിസ്ത്രിക്ടിലും ചേൎന്ന പകുതികൾ | പകുതികൾ ഏതേതു പ്രവൃത്തിയിൽ ഉൾപ്പെട്ടതെന്നു |
|---|---|---|---|
| കൊല്ലം ഡിസ്ത്രിക്ട് | കായംകുളം | കീരിക്കാട്ടു<br>കണ്ടല്ലൂർ | കീരിക്കാട്ടു |
| | | മുതുകുളം<br>ആറാട്ടുപുഴ | മുതുകുളം |
| | | പത്തിയൂർ | പത്തിയൂർ |
| | | പെരിങ്ങാല | തെക്കേക്കര |
| | കാൎത്തികപ്പള്ളി | ഹരിപ്പാട്ടു<br>ചെറുതന | ഹരിപ്പാട്ടു |
| | | കാൎത്തികപ്പള്ളി<br>ചിങ്ങോലി | കാൎത്തികപ്പള്ളി |
| | | കിഴക്കേക്കര<br>വീയപുരം | കിഴക്കേക്കര |
| | | കുമാരപുരം<br>കരുവാററ | കുമാരപുരം |
| | | പള്ളിപ്പാട്ടു<br>നങ്യാർകുളങ്ങര | പള്ളിപ്പാട്ടു |
| | | തൃക്കുന്നപ്പുഴ | തൃക്കുന്നപ്പുഴ |
| | | ചെപ്പാട്ടു<br>വലിയകഴി | ചെപ്പാട്ടു |
| | മാവേലിക്കര | തെക്കേക്കര | തെക്കേക്കര |
| | | കണ്ണമംഗലം | കണ്ണമംഗലം |
| | | മാവേലിക്കര<br>തഴക്കര | മാവേലിക്കര |

No. J. 255.

NOTIFICATION.

It is hereby notified that, under sanction of His Highness the Maha Raja, the undermentioned individual is exempted from personal attendance in Civil Courts under Section 578 of the Civil Procedure Code.

Huzur Cutcherry,
Trivandrum,
18th January 1909.

P. RAJAGOPALA CHARI,
Dewan.

*Name.* Uzhuthiraru Uzhuthiraru.
*Residence.* Vanjipuzha Matom, Chengannoor.

പരസ്യം

കല്പനപ്രകാരം ഇതിനാൽ പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ ചെങ്ങന്നൂർ വഞ്ചിപ്പുഴ ഉഴുത്തിരർ ഉഴുത്തിരർ പണ്ടാരത്തിലെ സിവിൽ നടപടി നിയമം ൫൭൮-ാം വകുപ്പു അനുസരിച്ചു സിവിൽകോട്ടുകളിൽ ഹാജരാകുന്നതിൽ നിന്നു ഒഴിച്ചിരിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൦൯ ജനുവരി ൧൮-

ദിവാൻ പി. രാജഗോപാലചാരി,
ദിവാൻ ബഹദൂർ.

---

No. G. 229.

## Notification.

In modification of the Notification published at page 1853 of the Government Gazette, dated 22nd December 1908, the following revised lists of plague-infected areas and of passport-stations are published for general information :—

### A—PLAGUE-INFECTED AREAS.

*I.—In the Madras Presidency.*

| District. | Taluk. | Village or town. | District | Taluk. | Village or town. |
|---|---|---|---|---|---|
| Bellary | Hadagalli ... | Uttangi. | Coimbatore—(cont.) | Kollegal—(cont.) | Modalli (Kamagarai hamlet). |
| | Harpanahalli ... | Gudihalli. | | | Saragur. |
| | Kudligi ... | Banivikal. | | | Timmarajapuram. |
| | | Kottur. | | Satyamangalam. | Mallankuli. |
| | | Kudligi. | Nilgiris, The. | Coonoor ... | Coonoor. |
| | | Rampuram. | | | Keti. |
| | Rayadrug | Vyasapuram. | | | Wellington Cantonment. |
| Coimbatore ... | Kollegal ... | Alahalli. | | Ootacamund. | Thummanatti. |
| | | Anapuram. | Salem ... | Hosur ... | Bairamangalam. |
| | | Doddinduvadi. | | | Denkanikota. |
| | | Gangadaran Katte. | | | Kandaganapalli. |
| | | Gundegalam. | | | Maniyambadi. |
| | | Hanur. | | | Muttali. |
| | | Ikkadahalli. | | | Patiganapalli. |
| | | Jinakanalli. | | Krishnagiri ... | Krishnagiri. |
| | | Kannur. | South Canara ... | Mangalore ... | Mangalore. |
| | | Kongaralli. | | | |
| | | Mangalam. | | | |

*II.—Outside the Madras Presidency.*

| Presidency or Province. | Infected localities. Districts and States, and Towns of 50,000 or more inhabitants. |
|---|---|
| I. Mysore ... | The whole Province. |
| II. Bombay. | 1. *Northern Division*— |
| | (a) Districts— |
| | Ahmedabad. |
| | Kaira. |
| | Surat. |
| | Thana. |
| | (b) States and Agencies— |
| | Mahikantha. |
| | Palanpur. |
| | Rewakantha. |
| | (c) Towns— |
| | (i) City— |
| | Bombay. |
| | (ii) Ports— |
| | Kalyan. |
| | Thana. |
| | 2. *Central Division*— |
| | (a) Districts— |
| | Ahmednagar. |
| | Nasik. |
| | Poona. |
| | Satara. |
| | Sholapur. |
| | (b) Town— |
| | Poona City. |
| | 3. *Southern Division*— |
| | (a) Districts— |
| | Belgaum. |
| | Dharwar. |
| | Kolaba. |
| | (b) Alibag port. |
| | Hubli town. |
| | 4. *Sindh*— |
| | Towns— |
| | Karachi town and port. |
| | 5. *Political Charges*— |
| | (a) States and Agencies— |
| | Baroda State. |
| | Cutch State. |
| | Kathiawar Agency. |
| | Kolhapur and Southern Mahratta Country. |
| | Satara Agency. |
| | (b) Towns— |
| | Ports— |
| | Bilimora. |
| | Jamnagar. |
| | Kodinar. |
| | Mandvi. |
| | Salaya. |
| III. Bengal. | (a) Districts— |
| | Darbhanga. |
| | Monghyr. |
| | Muzaffarpur. |
| | Patna |
| | Saran. |
| | Shahabad. |
| III. Bengal.—*cont.* | (b) Towns— |
| | Calcutta City. |
| | Monghyr. |
| IV. The Punjab. | (a) Districts— |
| | Ferozepur. |
| | Gujranwala. |
| | Hoshiarpur. |
| | Jhang. |
| | Karnal. |
| | Lahore. |
| | Ludhiana. |
| | Lyallpur. |
| | Montgomery. |
| | Rohtak. |
| | Shahpur. |
| | (b) Patiala State. |
| | Jind ,, |
| | Nabha ,, |
| V. Burma. | (a) Districts— |
| | Bassein. |
| | Henzada. |
| | Maubin. |
| | Meiktila. |
| | Pegu. |
| | Sagaing. |
| | Tharrawaddy. |
| | Thaton. |
| | Yamethin. |
| | (b) Towns— |
| | Mandalay. |
| | Moulmein. |
| | Rangoon (Port). |
| | (c) Northern Shan States. |
| VI. The Central Provinces. | (a) Districts— |
| | Akola. |
| | Amraoti. |
| | Betul. |
| | Buldana |
| | Wardha. |
| | (b) Towns— |
| | Akola. |
| | Amraoti. |
| VII. Hyderabad State. | Usmanabad District. |
| | Raichur ,, |
| VIII. The Central India. | Indore Residency. |
| | Mhow Cantonment. |
| | Indore State. |
| | Jaora ,, |
| | Rutlam ,, |
| IX. Rajputana. | Jaipur City. |
| | Jaipur State. |
| X. The United Provinces... | Azamgarh District. |
| | Ballia ,, |
| | Budaun ,, |
| | Cawnpur City. |
| | Etah District |
| | Farrukhabad District. |
| | Ghazipur District. |
| | Gorakhpur ,, |
| | Hardoi ,, |
| | Jaunpur ,, |
| | Meerut City. |
| | Meerut District. |
| | Muttra ,, |
| | Unao ,, |
| XI. Coorg ... | Coorg. |

B.—PASSPORT-STATIONS.

*South Indian Railway.*

| | | |
|---|---|---|
| Krishnagiri. | Mangalore. | Mettupalaiyam. |

*The Nilgiri Railway.*

| | | |
|---|---|---|
| Coonoor. | Keti. | Wellington |

*Madras and Southern Mahratta Railway.*

| | | | |
|---|---|---|---|
| Kottur. | Malavi. | Gudupalli. | Mulanur. |
| Bevuru. | Hagaribommanahalli. | Kuppam. | Patchur. |

2. Persons arriving from the places above mentioned should be required to take out passports.

(By order),

Huzur Cutcherry,
Trivandrum,
16th January 1909.

M. RAJARAJA VARMA,
Under Secretary to Government.

---

No. S. R. 224.

## NOTICE

Is hereby given that a wild tusker elephant haunting about Kulathuman in Pallikode, Kottayam Muri, in Kunnathur taluk, is becoming dangerous and is therefore proscribed. Any person is at liberty to shoot it.

2. The following are the identification marks of the elephant:—

(*a*) the animal is over middle growth and is about 10 feet high;

(*b*) it has big tusks $1\frac{1}{2}$ cubits in length broadening at the ends and has a head a little bigger than ordinary;

(*c*) habitation—it frequents the vicinity of Kulathuman, Kunnampara, Kadiyarana, Thembala, Edavara Pothupara, Kalleli, Mundamuzhi and Naduvathu muzhi.

Any one shooting the tusker is requested to produce the tusks and teeth of the animal before the nearest Magistrate who will grant receipt for the same.

Huzur Cutcherry,
Trivandrum,
15th January 1909.

(By order),
M. RAJARAJA VARMA,
For Chief Secretary to Government.

പരസ്യം.

കുന്നത്തൂർ പള്ളിക്കോട്ടു കോട്ടയം മുറിയിൽ കുളത്തുമണ്ണു എന്ന സ്ഥലത്തു ചുററിനടക്കുന്ന ഒരു കാട്ടു കൊമ്പനാന ജനോപദ്രവകര സ്ഥിതിയിൽ ഇരിക്കുന്നു എന്നും അതുകൊണ്ടു അതിനെ കൊല്ലുന്നതിനു അനുവദിച്ചിരിക്കുന്നു എന്നും ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു. അതിനെ ആൎക്കും വെടിവെക്കാവുന്നതാകുന്നു.

൧. ആനയുടെ അടയാളങ്ങൾ താഴെ എഴുതുന്നവയാകുന്നു.

എ. ആന ഉദ്ദേശം പത്തടിപ്പൊക്കം ഒണ്ട് ഒരു ഇടപ്രായത്തിലധികം വളൎന്നു ചെന്നതുമാണ്.

ബി. കൊമ്പു വണ്ണമുള്ളതും ഒന്നര മുഴം നീണ്ടിട്ടുള്ളതുമാണ് അററങ്ങൾ അല്പം പരന്നു തല സാധാരണയിൽ കൂടുതൽ വലിപ്പമുള്ളതാകുന്നു.

സീ. അധികമായി സഞ്ചരിക്കുന്നതു കുളത്തുമണ്ണു കുന്നംപാറ കടിയാറണ തേമ്പാല ഇടവര പോത്തുപാറ കല്ലേലി മൂണ്ടാമുഴി നടുവത്തുമുഴി ഈ സ്ഥലങ്ങളിലാണ്.

൨. ആ കൊമ്പനാനയെ വെടിവയ്ക്കുന്നയാൾ അതിന്റെ കൊമ്പുകളെയും പല്ലുകളെയും ഏറവും അടുത്തുള്ള മജിസ്ത്രേട്ടിന്റെ മുൻപാകെ ഹാജരാക്കേണ്ടതും അതിലേക്ക് ആ മജിസ്ത്രേട്ട് ഒരു രസീതു കൊടുക്കുന്നതുമാകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൪ ജനുവരി ൧൫

ഉത്തരവിൻപ്രകാരം
ചീഫ് സെക്രട്ടറി അവർകൾക്കു വേണ്ടി
എം. രാജരാജവൎമ്മാ.

## Corrections to the Civil Service Regulations.

Page vii, Appendix No. 4—List of permanent monthly travelling allowances.

Strike out item 7 Forests Rangers 15
and 8 Deputy Rangers 12½
Forests... ... 10,
and insert as item 7 Officers in charge of Forest Ranges.........25.

Renumber items 9 to 14 as 8 to 13.

(By order),

Huzur Cutcherry,
Trivandrum,
11th January 1909.

P. V. KISTNASAMI CHETTI,
Financial Secretary.

## Corrections to the Civil Service Regulations.

Page 78. Article 290. (Line 1).
(Line 2).
Alter the words "sixty years" into "fifty five years."

Delete the sentence beginning from "it suffices" and ending with "the applicant."

Page 80. Article 299. (Line 2).

Alter the words "otherwise.............decide" into "in other cases Government or the Head of the department will decide."

Add the following at the end of the article:—

"According as the officer is attached to the Head of the department or to a subordinate officer."

Page 82. Article 306.

Omit the heading of the article and in clause (a) omit the opening sentence and para 1.

In clause (a) (3) omit the first para and add at the end of second para the words "and of each year."

Make clause (a) (2) into a distinct article with the following addition at end.

"Is reserved by Government in the case of officers who are attached to the Head of a department and is delegated to the latter in the case of those attached to subordinate officers."

Omit clause (b).

Page 111. Article 381. Clause (c).

Insert after the words "Medical certificate" the words "or the sanction of Government or of the Head of the department as the case may be."

Alter the words "in this respect, a certificate" into ".........a certificate or sanction."

Page 111. Article 382.

Delete the words beginning from "and quote" and ending with "superannuated."

(By order),

Huzur Cutcherry,
Trivandrum,
16th January 1909.

P. V. KISTNASAMI CHETTI,
Financial Secretary.

പിഴ തിരുത്തൽ.

"ഫെബ്രുവരി ൧൦-ാം ൹-ലെ ഗസെറ്റിൽ ൨൦-ാം വകുപ്പു ൨൭-ാം വരിയിൽ

പണമേല്പുമടോടുകൂടി പോകുന്ന ഹെഡ് കാൺസ്റ്റേബിൾമാൎക്കും കാൺസ്റ്റേബിൾമാൎക്കും തങ്ങളുടെ അധികാരാതൃത്തിയ്ക്കകമെ സഞ്ചരിക്കുന്ന ഗസെറ്റെഡ് ഉദ്യോഗസ്ഥന്മാൎക്കും റെവന്യൂ ഡിപ്പാൎട്ടുമെണ്ടിൽ ഇതിനു തുല്യമായ ഗ്രേഡിൽ ഉള്ള ഇതുപോലെഉള്ള ഉദ്യോഗസ്ഥന്മാൎക്കും സേവകന്മാൎക്കും കൊടുക്കപ്പെടാവുന്ന അലവൻസുകൾക്കു മാത്രമെ അവകാശമുള്ളു."

എന്നു എഴുതിയിരിക്കുന്നതിനെ

"പണമേല്പുമടോടുകൂടി പോകുന്നവരൊ സഞ്ചരിക്കുന്ന ഗസെറ്റഡ് ഉദ്യോഗസ്ഥന്മാരോടുകൂടി പോകുന്നവരൊ ആയ പോലിസ് ഹെഡ്കാൺസ്റ്റേബിൾമാൎക്കും കാൺസ്റ്റേബിൾമാൎക്കും തങ്ങളുടെ അധികാരാതൃത്തിയ്ക്കകമെ റെവന്യൂ ഡിപ്പാൎട്ടുമെണ്ടിൽ ഇതിനു തുല്യമായ ഗ്രേഡിൽ ഉള്ള ഇതുപോലെ ഉദ്യോഗസ്ഥന്മാൎക്കും സേവകന്മാൎക്കും കൊടുക്കപ്പെടാവുന്ന അലവൻസുകൾക്കു മാത്രമെ അവകാശമൊള്ളു."

എന്നു വായിക്കേണ്ടതാകുന്നു.

# TRAVANCORE GOVERNMENT GAZETTE.

Vol. XLVII.] TRIVANDRUM, TUESDAY, January 19, 1909. / Makaram 7, 1084. No. 3.


## Part II.— രണ്ടാം ഭാഗം

കൊല്ലം ഡിവിഷൻ കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

അമ്പലപ്പുഴ ക്ഷേത്രത്തിൽ വിളക്കുമാടവും ബലിക്കൽപുരയും അററകാററം തീൎത്തു ചെമ്പ മെയിക്കുന്ന വകക്കു ൧൦൭൭-ാമാണ്ടു അടങ്കൽ അനുവദിച്ചതിന്മണ്ണം കണ്ട്രാക്കിനു ഏല്പിട്ടിരുന്ന കൊട്ടയം തിരുനക്കര കുന്നത്തു വീട്ടിൽ ഗോവിന്ദൻ നാരായണൻ കരട്ടി ഹരിപ്പാട്ടു കീഴ് തൃക്കോവിൽ ഈ പണികൾ നടത്തുന്നതിനു കണ്ട്രാക്കു ഏൎപ്പാടനുസരിച്ചു കാലാകാലങ്ങളിൽ നടത്തിക്കാതെ ഓരോ കുഴപ്പങ്ങൾ ചെയ്യുവരുന്നതായും, ഈ വിളക്കുമാടം പണി ഈയാളെക്കൊണ്ടു നടത്തിക്കുന്നതു നന്നായിരിക്കയില്ലെന്നും കണ്ടു കണ്ട്രാക്കിൽ നിന്നും വിടുത്തുകയും, വിളക്കുമാടം പണിക്കു മുൻപു അനുവദിച്ചിട്ടുള്ള അടങ്കലിൽ കൂടുതലായി അററകാററങ്ങൾ ഉള്ളതു കൂടി ഉൾപ്പെടുത്തി റിവൈസ് അടങ്കൽ തയ്യാറാക്കിയതിൻപ്രകാരം മുൻ അനുവാദം ഉൾപ്പെടെ ൨൭൫൫ രൂപാ ൨൧ ചക്രം ൭ കാശു അനുവദിക്കയും ചെയ്തിട്ടുള്ളതിനാൽ ടി വേലയെ കണ്ട്രാക്ടായി നടത്തിപ്പാൻ ആൾ ഏല്പെടേണ്ടതിലേക്കു അടിയിൽ കാണിച്ചിട്ടുള്ള വേലക്കു ദൎഖാസ്തു തയ്യാറാക്കി ൮൪ മകരം ൨൦൹ പകൽ ൩ മണിക്കു താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ കയ്യിൽ കിട്ടത്തക്കവണ്ണം മുദ്രവച്ചു അയച്ചുകൊള്ളേണ്ടതാകുന്നു.

൨. ദൎഖാസ്തുകൾ അയക്കുന്നവർ അവൎക്കു സൌകൎയ്യമുണ്ടെന്നു തോന്നുന്നതും ഈ ഡിവിഷനിൽ ചേൎന്നതുമായ ഏതെങ്കിലും താലൂക്കു ഖജനാവിൽ ദൎഖാസ്തിന്റെ ഉറപ്പിനുവേണ്ടി വെക്കേണ്ടതായ നിരതദ്രവ്യം രൂപാ ൨൭-ം ഒടുക്കി ഖജനാ ആപ്പീസരുടെ രസീതു വാങ്ങി ദൎഖാസ്തിനോടു ചേൎത്തു അയച്ചിരിക്കേണ്ടതും വേല എപ്പോൾ തീൎത്തുകൊള്ളാമെന്നുള്ളതിലേക്കു തിയതി വിവരം കാണിച്ചിരിക്കേണ്ടതുമാകുന്നു.

൩. ദൎഖാസ്തു ഈ കച്ചേരിയിൽ കിട്ടിയതിന്റെശേഷം അതുകൾ അയച്ചിട്ടുള്ളവരുടെ പേരും റേറ്റു വിവരവും കാണിച്ചു സ്റ്റേറ്റുമെന്റു തയ്യാറാക്കി ഗവൎമ്മേണ്ടിലേക്കു എഴുതി ബോധിപ്പിച്ചു അനുവദിച്ചു വരുന്നവരുടെ പേൎക്കു കണ്ട്രാക്ടു സ്ഥിരപ്പെടുത്തുന്നതാകുന്നു.

൪. അങ്ങനെ അനുവദിച്ചു എഴുതി വന്ന ഉടൻ സ്ഥിരപ്പെട്ട ആളിന്റെ ഒഴികെ ശേഷം പേരുടെ നിരതദ്രവ്യം തിരിച്ചു കൊടുക്കുന്നതും. കണ്ട്രാക്ട് സ്ഥിരപ്പെട്ട ആൾ മുൻ വച്ചിട്ടുള്ള നിരതദ്രവ്യം രൂപാ ൨൫ഉം ഉൾപ്പടെ അടങ്കൽ തുകയിൽ ൧൦൦-നു ൨॥ വീതം ഉള്ള ഡിമണി കണ്ട്രാക്ട് ചെയ്യുന്നതിനു മുൻപായി കെട്ടിവച്ചു ജാമ്യം കൂടി ഹാജരാക്കി ഒരു കരാറു വാങ്ങിക്കയും സ്വന്ത ചിലവിന്മേൽ മുദ്രപ്പത്രം വാങ്ങി മുറപ്രകാരമുള്ള ഉടമ്പടി എഴുതി ഒപ്പിടുകയും ചെയ്യേണ്ടതാകുന്നു.

൫. നോട്ടീസു അനുസരിച്ചു ഡിമണി മുഴുവനും കെട്ടിവെക്കാതെയൊ അവധിക്കകം ഉടമ്പടി എഴുതി വെക്കാതെയൊ ഇരിക്കുന്നതായാൽ കണ്ട്രാക്ടുകാരൻ വച്ചിട്ടുള്ള നിരതദ്രവ്യത്തെ പ്രായശ്ചിത്തമായി മുതൽ കൂട്ടുന്നതുകൂടാതെ അടങ്കൽപ്രകാരമുള്ള വേലയെ ആവർത്തിച്ചു ലേലം ചെയ്യുന്നതും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യം കണ്ട്രാക്ടിനു ഏല്പ്പെട്ട ആൾതന്നെ ഉത്തരവാദിയായി തീരുന്നതും വല്ല ലാഭവും ഉണ്ടാകുന്നപക്ഷം അയാൾക്കു അതിനു അവകാശമില്ലാത്തതുമാകുന്നു.

൬. ടെണ്ടറുകൾ സ്വീകരിച്ചതിൽ പിന്നീടു ഈ വേലയെ ലേലം ചെയ്തു സ്ഥിരപ്പെടുത്തിയൊ അല്ലാത്തപക്ഷം വേറെ ഏതെങ്കിലും വിധത്തിൽ ഏല്പ്പിച്ചു ചെയ്യൊ നടത്തേണ്ടതാണെന്നു ഗവർന്മെന്റു വിചാരിക്കുന്നപക്ഷം അപ്രകാരവും ചെയ്യുന്നതാകുന്നു. അപ്പോൾ ടെണ്ടറിനായി വച്ചിട്ടുള്ള നിരതദ്രവ്യം തിരിച്ചു കൊടുക്കപ്പെടുന്നതാകുന്നു.

൭. മേൽ രണ്ടാം പാരായിൽ വിവരിച്ചിട്ടുള്ളപ്രകാരം ഈ വേല കുറ തീർത്തു ഏല്പ്പിക്കുന്നതിനു ടെണ്ടറിൽ പറഞ്ഞിരിക്കുന്ന തീയതി ഒരു വർഷത്തിൽ കവിഞ്ഞിരിക്കാൻ പാടില്ലാത്തതാണു.

൮. ഇതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഈ കച്ചേരിയിലൊ അമ്പലപ്പുഴ താലൂക്ക കച്ചേരിയിലൊ ഹാജരായി ചോദിച്ചാൽ അറിയാവുന്നതാകുന്നു.

ആ: ഡിവിഷൻപേഷ്കാർ ആർ. മഹാദേവയ്യർ.

൩—൫—൮൭.

അമ്പലപ്പുഴ ക്ഷേത്രത്തിൽ വിളക്കമാടവും ബലിക്കൽ പുരയും അറ്റകുറ്റം
തീർത്തു ചെമ്പു മെയിക്കുന്ന വകക്കു അനുവദിച്ചിട്ടുള്ള റെറ്റു വിവരം ലിസ്റ്റ്.

| നമ്പർ | വേല വിവരം | എണ്ണം | തുക രൂ | ച | കാ | റിമാർക്ക് |
|---|---|---|---|---|---|---|
| ൧ | പഴയ ചെമ്പു മേച്ചിൽ മുറ പൊളിക്കുന്നതിനു ചതുരയടി | ൧൦൦ | ൧ | ൭ | ... | പുവര മുതലായതു പൊളിക്കുന്നതിൽ ഉപയോഗത്തിനു കൊള്ളാവുന്ന കല്ലുകളും കഴുക്കോലുകളും ഈ പണിക്കായി സർക്കാരിൽ നിന്നും വാങ്ങിച്ചിട്ടുള്ള ൩൦-ൽ ചില്വാനം കണ്ടി തടിയും ൪൪॥ റാത്തൽ ചെമ്പു തകിടും ൧൫൦ റാത്തൽ ചെമ്പാണിയും ഈ പണിക്കു ഉപയോഗിക്കേണ്ടതാകുന്നു. |
| ൨ | മരവേല (തേക്കുതടി) ക്യൂബിക്കടി | ൧ | ൨ | ... | ... | |
| ൩ | പാവടക്കു പലക മൊട്ടാണി എണ്ണം | ൧ | ... | ൧൦ | ... | |
| ൪ | ഇരുമ്പാണി തുലാം | ൧ | ൨ | ൧൭ | ... | |
| ൫ | ചെമ്പു തകിടു റാത്തൽ | ൧ | ... | ൨൨ | ൪ | |
| ൬ | മേച്ചിൽ കൂലി റാത്തൽ | ൧ | ... | ൧ | ൪ | |
| ൭ | ആണിക്കു മേലേ ചെമ്പു റാത്തൽ | ൧ | ... | ൨൭ | ... | |
| ൮ | ആണി അടിപ്പു കൂലി റാത്തൽ | ൧ | ... | ൯ | ... | |
| ൯ | പലകക്കു മീതെ എണ്ണയും മട്ടപ്പാലും ഇടുന്നതിനു ചതുരയടി | ൧൦൦ | ൨ | ... | ... | |
| ൧൦ | ചെമ്പു തകിടിനു മുകളിൽ കാവിയും മെഴുകും ഇടുന്നതിനു ചതുരയടി | ൧൦൦ | ൧ | ൨൦ | ... | |
| ൧൧ | ചിക്കൻ കെട്ടു ക്യൂബിക്കടി | ൧൦൦ | ൧൭ | ... | ... | |
| ൧൨ | പൂച്ചുവേല ചതുരയടി | ൧൦൦ | ൧ | ൨൦ | ... | |
| ൧൩ | പഴയ ചിക്കരു കെട്ടു പൊളിക്കുന്നതിനു ക്യൂബിക്കടി | ൧ | ... | ... | ൪ | |
| ൧൪ | പുവര പൊളിക്കുന്ന സമയം ഉരുക്കാടം വരാതെ കെട്ടി നിറുത്തുന്നതിനു | ഒന്നു | ൧൦ | . | ... | |

## Notice.

The following books are available at the Press, for issue to agents appointed for the sale of Government publications, at the prices noted against each.

| No. | Name of publication. | Price per copy Rs. | ch | c. | Remarks. |
|---|---|---|---|---|---|
| 1 | Third Reader Malayalam ... | ... | 9 | ... | |
| 2 | Fourth Reader Do. ... | ... | 14 | ... | |
| 3 | Civil Service Regulations, English ... | ... | 21 | ... | |
| 4 | Do. Malayalam ... | ... | 14 | ... | |
| 5 | Malayalam Sheet Calendar for 1084 ... | ... | 2 | ... | |
| 6 | Christianity in Travancore ... | ... | 14 | ... | |
| 7 | Mahacharita Sangraham ... | ... | 17 | ... | |
| 8 | Aryaneethi Mathabodhini ... | ... | 7 | 2 | |
| 9 | Puranakatha Nikhandu ... | 2 | 1 | ... | |
| 10 | Unrepealed Regulations, Part II ... | 2 | 8 | 2 | |
| 11 | Map of Travancore, Malayalam ... | 3 | 1 | 8 | |
| 12 | Do. Tamil ... | 3 | 1 | 8 | |
| 13 | Bharathanuvaranam ... | 1 | ... | ... | |
| 14 | Prakrithivijnaneeyam ... | ... | 10 | 8 | |
| 15 | Travancore Law Reports—Index to Volume X ... | ... | 14 | . | |
| 16 | T. L. R. Vol. X Part IV ... | ... | 14 | ... | |
| 17 | Do. Index to Vol. XI ... | ... | 14 | ... | |
| 18 | Do. Vol. XI Part IV ... | ... | 14 | .. | |
| 19 | Do. Index to Vol. XII ... | ... | 14 | ... | |
| 20 | Do. Index to Vol. XIII ... | ... | 14 | ... | |
| 21 | Do. Index to Vol. XVI .. | ... | 14 | ... | |
| 22 | Do. Vol. XVIII Part I ... | ... | 14 | .. | |
| 23 | Do. Index to Vol. XVIII ... | ... | 14 | .. | |
| 24 | Do. Index to Vol. XIX ... | ... | 14 | ... | |
| 25 | Do. Index to Vol. XX ... | ... | 14 | ... | |
| 26 | Do. Vol. XXI Part I ... | ... | 14 | ... | |
| 27 | Do. Do. Part II ... | ... | 14 | ... | |
| 28 | Do. Do. Part III ... | ... | 14 | ... | |
| 29 | Do. Do. Part IV ... | ... | 14 | ... | |
| 30 | Do. Do. Index ... | ... | 14 | ... | |
| 31 | Do. Vol. XXII Part I ... | ... | 14 | ... | |
| 32 | Do. Do. Part II ... | ... | 14 | ... | |
| 33 | Do. Do. Part III ... | ... | 14 | .. | |
| 34 | Do. Do. Part IV ... | ... | 14 | ... | |
| 35 | Do. Do. XXIII Part II ... | ... | 14 | ... | |
| 36 | T. L. R. Index to Vol. XXII ... | ... | 14 | ... | |
| 37 | Do. Vol. XXIII Part I ... | ... | 14 | .. | |
| 38 | Forest Trees of Travancore, Bourdillon ... | 3 | 15 | 12 | |
| 39 | Regulation I of 1062, Court fees, Malayalam ... | .. | 2 | . | |
| 40 | Do. II of 1062, Limitation, Malayalam ... | ... | 4 | ... | |
| 41 | Regulation II of 1067 Land Conservancy, English ... | ... | 1 | ... | |
| 42 | Do. III of 1067 Land Acquisition, English ... | ... | 2 | ... | |
| 43 | Do. Do. Malayalam ... | ... | 2 | ... | |
| 44 | Do. I of 1068 Revenue Recovery, English ... | ... | 9 | ... | |
| 45 | Regulation V of 1068 English ... | ... | 1 | ... | |
| 46 | Do. Do. Malayalam ... | ... | 1 | ... | |
| 47 | Do. II of 1069 Town Improvement, English ... | ... | 6 | .. | |
| 48 | Do. Do. Malayalam ... | ... | 4 | ... | |
| 49 | Do. I of 1070 Registration, English ... | ... | 8 | . | |

| No. | Name of publication. | Price per copy Rs. | ch | c. | Remarks. |
|---|---|---|---|---|---|
| 50 | Registration Rules English ... | ... | 17 | 4 | |
| 51 | Do. Malayalam ... | ... | 17 | 4 | |
| 52 | Regulation III of 1071 Gambling, English ... | ... | 3 | ... | |
| 53 | Do. Do. Malayalam ... | ... | 3 | | |
| 54 | Do. V of 1071, Jenmi and Tenant, English ... | ... | 13 | .. | |
| 55 | Do. Do. Malayalam ... | ... | 13 | ... | |
| 56 | Do. Do. II of 1072 General classes, English.. | ... | 4 | ... | |
| 57 | Do. Do. Malayalam ... | ... | 6 | ... | |
| 58 | Do. II of 1072 Irrigation English ... | ... | 6 | 8 | |
| 59 | Do Do Malayalam ... | ... | 8 | ... | |
| 60 | Do. Stamps English ... | ... | 7 | .. | |
| 61 | Do. Do. Malayalam ... | ... | 7 | | |
| 62 | Do. IV of 1073 Abkari English ... | ... | 14 | ... | |
| 63 | Do. Do. Malayalam ... | ... | 18 | ... | |
| 64 | Do. VI of 1073 Departmental Enquiry, Malayalam.. | ... | 2 | ... | |
| 65 | Penal Code Malayalam ... | ... | 16 | ... | |
| 66 | Regulation I of 1074 Penal Code English ... | ... | 14 | ... | |
| 67 | Do. II of 1074 C. P. C. English ... | ... | 21 | 6 | |
| 68 | Regulation II of 1074 C. P. C. Malayalam ... | 1 | ... | 8 | |
| 69 | Do. V of 1074 Land Acquisition for Railways, English. | .. | 2 | ... | |
| 70 | Do. Do. Malayalam ... | ... | 2 | . | |
| 71 | Do. VI of 1074 Wills, English .. | ... | 1 | 8 | |
| 72 | Do. Do. Malayalam ... | ... | 2 | . | |
| 73 | Do. III of 1075 Vakils, English ... | ... | 6 | . | |
| 74 | Do. Do. Malayalam ... | ... | 4 | | |
| 75 | Do. III of 1076 T. P. C., English ... | ... | 7 | ... | |
| 76 | Do. Do. Malayalam .. | ... | 7 | ... | |
| 77 | Do. II of 1079 Printing Press, English ... | ... | 2 | 8 | |
| 78 | Do. Do. Malayalam ... | ... | 3 | ... | |
| 79 | Do. III of 1079 Religious Endowments, English ... | ... | 1 | ... | |
| 80 | Do. Do. Malayalam ... | ... | 1 | 8 | |
| 81 | Do. IV of 1079 Cruelty to animals, English ... | ... | 1 | 8 | |
| 82 | Do. Do. Malayalam ... | ... | 1 | 8 | |
| 83 | Do. V of 1079 Use of Explosives, English ... | ... | 1 | ... | |
| 84 | Do. Do. Malayalam ... | ... | 1 | 8 | |
| 85 | Census Report 1891 Vols 1 and II ... | 5 | 2 | 8 | |
| 86 | Do. 1901 Vols. I, II and III ... | 6 | 3 | ... | |
| 87 | Mal: Abstract of the Census Report of Travancore 1901 .. | ... | 14 | ... | |
| 88 | English Almanac and Directory for 1909 ... | 1 | 7 | 10 | |
| 89 | English Diary for 1909 ... | ... | 12 | ... | |
| 90 | English Sheet Almanac for 1909 ... | ... | 2 | ... | |

Reprints of the Infant, First and Second Malayalam Readers are in the press and will be out shortly.

Government Press,
Trivandrum,
21-12-08.

C. V. RAMAN PILLAI,
Superintendent.

നമ്പർ ൨൨൫൭ ൧൦൮൪-ൽ

ഏറ്റുമാനൂർ താലൂക്ക കച്ചേരിയിൽ നിന്നു
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മെയിൻസെൻട്രൽ റോഡ് ൧൦൦-ം മൈൽ നിലമംഗലത്തു പാലത്തിനു സമീപവും കോട്ടയം ഏറ്റുമാനൂർ ഈ സ്ഥലങ്ങൾക്ക മദ്ധ്യേമായി സംക്രാന്തി വാണിഭം എന്നു പേരുപറഞ്ഞുവരുന്ന സ്ഥലത്തു ആദ്യമായി ആഴ്ചതോറും വെള്ളിയാഴ്ച ഒരു ദിവസം ചന്ത തുടങ്ങി ഒരു വർഷത്തേക്ക നടത്തിച്ചു അതിനിടക്ക ഉണ്ടാകുന്ന ഗുണദോഷങ്ങളെ ചിന്തിച്ചു പിന്നീടു സ്ഥിരപ്പെടുത്തുവാനായിട്ടു ഹജൂരിൽനിന്നും ൧൦൮൪-ാം നമ്പരിൽ ൧൦൮൪ തുലാം ൨൦-ാം ൯൭൭-ാം നമ്പരിൽ ഉത്തരവുണ്ടായിട്ടുള്ളതനുസരിച്ചു താഴെ പറയുന്ന സ്ഥലത്തുവച്ചു ആദ്യമായി ആഴ്ചതോറും വെള്ളിയാഴ്ച ദിവസം ചന്ത തുടങ്ങി നടത്തിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

ഇയ്യാണ്ടു മകരം ൧൫-ാം വെള്ളിയാഴ്ച ദിവസം മുതൽ ചന്ത ആരംഭിക്കുന്നതാണ്. വിവരം സകല ജനങ്ങളും അറിവാനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

അതൃത്തി.

കിഴക്ക.— കൈപ്പുഴ പ്രവൃത്തി പെരുമ്പായിക്കാട്ടുശ്ശേരികര ഇത്തിത്തൽ ചാക്കോ നടപ്പു മട്ടക്കമുകൾ പടിഞ്ഞാറെ ചരിവു പുരയിടം കണ്ണച്ചാക്കനുകാലാ ഇട്ടിയവിരാ വക മട്ടക്കമുകൾ പടിഞ്ഞാറെ പുരയിടം

തെക്ക.— പഴയറോഡ്

പടിഞ്ഞാറു-വലിയ പറമ്പിൽ ഇട്ടി അവുസേപ്പു വക കൂട്ടുകൽ പുരയിടം കണ്ണച്ചാക്കനുകാലാ ഇട്ടിയവിരാ വക നെടിയകാലാ പുരയിടം

വടക്ക.— പഴയറോഡ്

തെക്കവടക്ക - ൫൨ ലിങ്ക്

കിഴക്കപടിഞ്ഞാറു ൬൭ ലിങ്ക്

തഹശീൽദാർ ആർ. കൃഷ്ണസ്വാമിഅയ്യർ.

## Anchel Notice.

It is hereby notified for general information that hanging letter boxes have been placed at the stations mentioned below.

| Name of station where the box is placed. | Name of Anchel Office by which the box is cleared. | Time of clearance. |
|---|---|---|
| Chingavanam. | Pallam. | Daily at 5 P. M. |
| Sooranad. | Sasthamcotta. | Daily at 4 P. M. |

Anchel Superintendent's Office,
Capm, Quilon.
7th January 1909.

P. M. VARKKI,
Anchel Superintendent.

അഞ്ചൽവക പരസ്യം.

താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി എഴുത്തുപെട്ടികൾ വയ്ക്കപ്പെട്ടിരിക്കുന്നു.

| പെട്ടിവച്ചിട്ടുള്ള സ്ഥലം | പെട്ടി ഏതു അഞ്ചലാഫീസിൽനിന്നും തുറക്കപ്പെടുന്നു | പെട്ടി എപ്പോൾ തുറക്കപ്പെടുമെന്ന്. |
|---|---|---|
| ചിങ്ങവനം തുമ്പപ്പെട്ടി | പള്ളം. | ദിവസംപ്രതി പകൽ ൧ മണി |
| മുതലാറ്റ് ടി | ശാസ്താംകോട്ട | ടി ടി ൬ മണി |

൧൦൮൪-ാമാണ്ടു ധനുമാസം ൨൩൹

അഞ്ചൽ സൂപ്രണ്ട്,
പി. എം. വർക്കി.

## NOTICE.

Notice is hereby given that one old teak wood cabin boat of the description noted at foot, the property of His Highness the Maha Raja's Government, will be sold by auction by the undersigned on the $\frac{\text{1st March 1909}}{\text{18th Kumbhom 1084}}$ at Quilon.

2. Intending bidders are required to deposit a sum of British Rs. (50) fifty each before the auction begins and no one will be allowed to bid who has not paid the deposit.

3. Unsuccessful bidders will have their deposits returned to them.

4. The sale of the cabin boat will be knocked down to the highest bidder who shall thereupon pay one-third of the purchase money inclusive of the deposit on the spot and the remaining two-thirds within 7 days from the date of sale.

5. On payment of the whole amount a certificate of sale and a pass will be granted on application.

6. In default of payment of one-third of the purchase money immediately after sale on the day of the sale or the whole of the purchase money within 7 days, the sale shall be void. The purchaser shall in the first case forfeit the deposit of Rs. (50) fifty and in the second the one-third of the purchase money already paid and shall further be liable for any loss arising from resale by public auction, but will not be entitled to any benefit arising therefrom.

7. The boat should be removed after the payment of the whole purchase money and any loss on account of the delay in removing the boat shall be borne by the purchaser.

8. The boat may be inspected at the Thevally Palace landing, previous to the date of sale.

9. The undersigned reserves to himself the right to reject any bid without assigning any reason.

Division Cutcherry,
Quilon, 17-5-84.

R. MAHADEVA IYER,
Acting Dewan Peishkar.

*Description of the boat.*

| | feet | inches. |
|---|---|---|
| Bottom length ... ... ... ... | 38 | 3 |
| Top length ... ... ... | 40, | 0 |
| Breadth ... ... ... | 6 | 3 |
| Depth ... ... ... | 2 | 6 |
| *Cabin portion.* | | |
| Length ... ... ... | 12 | 9 |
| Breadth ... ... ... | 6 | 6 |
| Height ... ... ... | 3 | 6 |

The boat is painted and well fitted.

## പരസ്യം.

തിരുവിതാംകൂർ ഗവൎമ്മെന്റുവക താഴെ വിവരിക്കുന്ന തരത്തിൽ തേക്കുതടിയിൽ പണിഞ്ഞ ഒരു പഴയ ബോട്ടു കൊല്ലത്തുവച്ചു ൧൦൮൪ കുംഭമാസം ൧൨-ാം തീയതി മാൎച്ചുമാസം ൨൩-ാം താഴെ പേരെഴുതിയിരിക്കുന്ന ഉദ്യോഗസ്ഥനാൽ ലേലത്തിൽ വിൽക്കപ്പെടുന്നതാകുന്നു.

൧. ലേലത്തിൽ പിടിക്കുന്നതിനായി വരുന്ന ആളുകൾ ഓരോരുത്തരും ലേലം ആരംഭിക്കുന്നതിനു മുമ്പായി ൫൦ ബ്രിട്ടീഷു രൂപാവീതം ഡിപ്പോസിറ്റ് വെക്കേണ്ടതാകുന്നു. അങ്ങനെ ഡിപ്പോസിറ്റ് വെക്കാത്തവരെ ലേലത്തിൽ ചേരുന്നതിനു അനുവദിക്കുന്നതല്ല.

൨. ലേലത്തിൽ സ്ഥിരപ്പെടാത്തവർ വച്ചിട്ടുള്ള ഡിപ്പോസിറ്റ് തിരിയെ കൊടുക്കപ്പെടുന്നതാകുന്നു.

൩. കൂടുതൽ തുകക്കു വിളികേൾക്കുന്നവൎക്കു ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതും അവർ ഡിപ്പോസിറ്റ് വച്ചിട്ടുള്ളതുൾപ്പെടെ ലേലം സ്ഥിരപ്പെട്ട തുകയിൽ മൂന്നിൽ ഒരുഭാഗം ഉടനെയും, ശേഷം ഏഴു ദിവസത്തിനകവും ഒടുക്കേണ്ടതും ആകുന്നു.

൪. ലേലത്തുക മുഴുവനും ഒടുക്കി തീൎന്നുകഴിയുമ്പോൾ അപേക്ഷപ്രകാരം ലേലനാമാവും രഹദാരിയും കൊടുക്കുന്നതാകുന്നു.

൫. ലേലം സ്ഥിരപ്പെട്ടാൽ അന്നേദിവസം തന്നെ മൂന്നിൽ ഒരുഭാഗം സംഖ്യ അടയ്ക്കാത്തപക്ഷം ഡിപ്പോസിറ്റ് വച്ചിട്ടുള്ള അമ്പതു രൂപായും ഏഴു ദിവസത്തിനകം മുഴുവൻ തുക ഒടുക്കിയില്ലെങ്കിൽ മൂന്നിൽ ഒരുഭാഗം വച്ചിട്ടുള്ള രൂപായും ഗവൎമ്മെന്റിലേക്കു മുതൽ കൂട്ടുന്നതു കൂടാതെ ബോട്ടിനെ വീണ്ടും ലേലം ചെയ്യുന്നതിൽ വല്ല നഷ്ടം നേരിടുന്നതായാൽ ആ വക നഷ്ടവും കൂടി ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും രണ്ടാമത്തെ ലേലത്തിൽ കൂടുതൽ വരുന്നു എങ്കിൽ അതിനു ആദ്യ ലേലക്കാരനു അവകാശമില്ലാത്തതുമാകുന്നു.

൬. ലേലസംഖ്യ മുഴുവനും കെട്ടിവച്ചതിന്റെശേഷം ബോട്ടു ലേലക്കാരനു കൈവശപ്പെടുത്തി കൊണ്ടുപൊയ്ക്കൊള്ളേണ്ടതും അങ്ങനെ കൊണ്ടുപോകാതെ ഇട്ടു താമസിക്കുന്നതിൽ വച്ചു വല്ല നഷ്ടവും സംഭവിച്ചാൽ ആ ദോഷങ്ങൾ എല്ലാം ലേലക്കാരൻ തന്നെ സഹിക്കേണ്ടതും ആകുന്നു.

൭. ബോട്ടു തേവള്ളി കൊട്ടാരക്കടവിൽ ഇട്ടിരിപ്പുള്ളതും ലേലത്തിനായി വരുന്നവർ ലേലദിവസത്തിനു മുൻകൂട്ടി അവിടെ ചെന്നു ബോട്ടിന്റെ സ്ഥിതിയെ പററി നല്ലതിന്മണ്ണം നോക്കി നിശ്ചയപ്പെടുത്തി കൊള്ളേണ്ടതും ആകുന്നു.

൮. ലേലത്തിൽ വിളികേൾക്കുന്ന വല്ല ഗിലയെയും യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനുള്ള അധികാരം താഴെ പേരെഴുതിയിരിക്കുന്ന ഉദ്യോഗസ്ഥനു ഉണ്ടായിരിക്കുന്നതാകുന്നു.

ഡിവിഷൻകച്ചേരി,
കൊല്ലം,
൮൪-൫-൨൯.

ആ: ദിവാൻപേഷ്കാർ,
ആർ. മഹാദേവയ്യർ.

### ബോട്ടിന്റെ വിവരണം.

| | അടി | ഇഞ്ചു |
|---|---|---|
| ബോട്ടിനു അടിക്കു നീളം | ൩൭ | ൨ |
| മുകളിലത്തെ നീളം | ൪൦ | ൦ |
| വീതി | ൬ | ൨ |
| താഴ്ച | ൧ | ൬ |
| ക്യാബിൻ നീളം | ൧൧ | ൯ |
| ടി വീതി | ൬ | ൬ |
| ടി പൊക്കം | ൫ | ൬ |

ബോട്ടു തേക്കു തടിയിൽ പണിഞ്ഞു ചായമിട്ടതും യാതൊരു ഹാനി ഇല്ലാത്തതും ആകുന്നു.

നമ്പർ [illegible]

വൈക്കം താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കൃഷിവായ്പ റിഗുലേഷൻപ്രകാരം താഴെ പട്ടികയിൽ പറയുന്ന നിലം കൃഷി ചെയ്യുന്നതിനായി പട്ടികയിൽ പറയുന്ന വസ്തു ജാമ്യം സ്വീകരിച്ചുകൊണ്ടു സർക്കാരിൽനിന്നും അഞ്ഞൂറു ബ്രിട്ടീഷുരൂപാ കടം കൊടുക്കണമെന്നു മണക്കനം പ്രവൃത്തിയിൽ ഉതിയംപെരൂർ മുറിയിൽ ഉടയന്ത്ര [illegible] പറമ്പിൽ പാക്കം കോട്ടൂർ നസ്രാണി അവുസേപ്പ അയ്യു ഹർജി ബോധിപ്പിച്ചിരിക്കുന്നു.

അപേക്ഷയിൽ പറയുന്നതുപോലെ വസ്തുക്കൾ ജാമ്യം കൊടുക്കുന്നതിലോ പണം കടം കൊടുക്കുന്നതിലോ തക്കറാരായി ആരെങ്കിലും ഉണ്ടായിരുന്നാൽ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ [illegible] ദിവസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം. അവധി കഴിഞ്ഞുവരുന്ന അപേക്ഷകളെ സ്വീകരിക്കുന്നതല്ലാ

[illegible]മാണ്ടു ധനുമാസം [illegible] തഹശീൽദാർ കെ. ഗോവിന്ദപ്പിള്ള.

| | |
|---|---|
| തെളിച്ചു കൃഷിചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ള വസ്തുവിന്റെ പേര് | മണക്കനം പകുതിയിൽ ഉതിയംപെരൂർ മുറിയിൽ സർവെ [illegible] ൽ മൂന്നിലൊരുഭാഗം നിലം. |
| ജാമ്യം കൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ള വസ്തുവിന്റെ പേര് | ഉതിയംപെരൂർ മുറിയിൽ സർവെ [illegible] ഊട്ടുകരി നിലത്തിൽ നികത്തുവാൻ കിടക്കുന്ന മൂന്നിലൊന്നു വെള്ളച്ചാൽ ഒഴിച്ചുള്ള നിലവും [illegible] ഊട്ടുകരി നിലവും. |

നമ്പർ [illegible]

വൈക്കം താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മണക്കനം പ്രവൃത്തിയിൽ ഉതിയംപെരൂർ മുറിയിൽ തെക്കിനേടത്തു പുരയിടത്തിൽ താമസിക്കും കോട്ടൂർ നസ്രാണി ഔസേപ്പു വക്കി നിലം കൃഷി ചെയ്യുന്നതിലേക്കായി കൃഷിവായ്പ റിഗുലേഷൻ പ്രകാരം സർക്കാരിൽ നിന്നും ആയിരം ബ്രിട്ടീഷ് രൂപാ കടം കൊടുക്കണമെന്നു [illegible] ഹർജി ബോധിപ്പിച്ചിരിക്കുന്നു. തെളിച്ചു കൃഷി ചെയ്യുന്നതിനും പണത്തിനു ജാമ്യം കൊടുക്കുന്നതിനും നിശ്ചയിട്ടുള്ള വസ്തുക്കളുടെ പേരുവിവരം ഇതോടു ചേർത്തിരിക്കുന്നു.

അപേക്ഷ അനുസരിച്ചു പണം വായ്പ കൊടുക്കുന്നതിലോ പട്ടികയിൽ പറയുന്ന വസ്തുക്കളെ ജാമ്യം കൊടുക്കുന്നതിലോ തക്കറാരായി ആരെങ്കിലും ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ [illegible] ദിവസത്തിനകം ഈ കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളണം. അവധികഴിഞ്ഞു വരുന്ന അപേക്ഷകളെ സ്വീകരിക്കുന്നതല്ലാ എന്നു [illegible]മാണ്ടു ധനുമാസം [illegible]

തഹശീൽദാർ കെ. ഗോവിന്ദപ്പിള്ള.

| | |
|---|---|
| കൃഷി ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള വസ്തുവിന്റെ പേര് | മണക്കനം പ്രവൃത്തിയിൽ കണ്ടനാട്ട മുറിയിൽ സർവെ [illegible] എ. [illegible] ബി. നമ്പർ നിലങ്ങൾ. |
| ജാമ്യം കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള വസ്തുവിന്റെ പേര് | സർവെ നമ്പർ [illegible] ഉതിയംപെരൂർ മുറിയിൽ കൊച്ചെരി പടിഞ്ഞാറെ പുരയിടം.<br>സർവെ [illegible] ടി മുറിയിൽ പെരുമ്പളത്തു പറമ്പു.<br>സർവെ [illegible] കല്ലറക്ക പറമ്പു.<br>[illegible] ഓടക്കാട്ടു എന്നു പറയുന്ന വല്യവീട്ടിൽ പറമ്പു.<br>[illegible] നടുവിലെത്തു പറമ്പു. |

നമ്പർ ൩൪൯

വൈക്കം താലൂക്ക കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു

ഉദിയംപേരൂർ ക്ഷേത്രത്തിന്റെ കീഴിടായ പൂത്തോട്ടാക്ഷേത്രത്തിൽ ശാന്തിക്ക ൩൨॥ രൂപാ അടിയന്തരത്തിന്റെ ൩ വർഷത്തേക്ക ഏറ്റിട്ടുള്ള കാലാവധി ഈയാണ്ടു ൧൦മാസം ൨൦ന്നു വരെ കൊണ്ടു തീരുന്നതും വീണ്ടും അടിയാനു ഈ കച്ചേരിയിൽവച്ചു വരുന്ന മകരമാസം ൨൭ന്നു ലേലംചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതും ആകകൊണ്ടു അടിയറസംഖ്യയിൽ കൂട്ടിയും കാല സംഖ്യയിൽ കുറച്ചും ഏല്പാൻ മനസ്സുള്ളവർ അന്നേദിവസം ഹാജരായി ലേലത്തിൽ വിളി കേൾക്കാവുന്നതാകുന്നു അങ്ങനെ കൂടുതൽ അടിയറക്ക പിടിക്കുന്നവർ മൂന്നിലൊന്നു ഡേമണി ഉടനേയും ശേഷം സംഖ്യ ലേലം അനുവദിച്ചു ഉത്തരവുണ്ടാകുമ്പോഴും ഒടുക്കുകയും മുദ്രപത്രത്തിൽ അടിയറച്ചീട്ടു വച്ചു ശാന്തിനടത്തുകയും ചെയ്യേണ്ടതാണെ അല്ലാത്തപക്ഷം ഏപ്പാടുപ്രകാരം ഉള്ള നടപടികൾ നടത്തുവാൻ ഇടവരും ൪൦ം ശാന്തിക്ക മാസം ൧൨ ൭॥ പണം ശമ്പളം ഒണ്ട് ലേലസമയത്തു യുക്തംപോലെ അടിയറയുടെ കാലാവധി നിശ്ചയിച്ചു ലേലം വിളിപ്പിക്കുമെന്നുള്ളതുമാണ് എന്നു

൧൦൮൪-മാണ്ടു ധനുമാസം ൩൩ന്നു　　　തഹശീൽദാർ കെ. ഗോവിന്ദപ്പിള്ള.

---

നമ്പർ ൫൭

കൊല്ലംതാലൂക്ക ൧ ാം ക്ലാസ്സു മജിസ്ത്രേട്ടു കോടതിയിൽനിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൮൪ ാമാണ്ടു ധനുമാസം ൧൩ന്നു കൊല്ലം കസ്ബാസ്റ്റേഷനിൽ ജോലിനോക്കുന്ന ൧൩൪ ാം നംബർ കാൺസ്റ്റേബിളിനാൽ കൊല്ലം മുളംകടകത്തു നടയുടെ കിഴക്കുവശം കരിയിപ്പുഴക്കുള്ള റോഡിൽ നിന്നും കണ്ടെടുക്കപ്പെട്ടു ടി കസ്ബാസ്റ്റേഷനിൽ സൂക്ഷിപ്പിച്ചിരിക്കുന്നതും ഉദ്ദേശം അരരൂപാ വില വരുന്നതുമായ ഒരു പഴയ അല്പാക്ക കുടയ്ക്കു ഉടയക്കാരരായി ആരെങ്കിലും ഉണ്ടെങ്കിൽ ൩൦ ദിവസത്തിനകം ൪൦ം കോട്ടുമുമ്പാകെ ഹാജരായി മറക്ക തെളിവുകൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു. അതിന്മണ്ണും ചെയ്യില്ലെന്നു കണ്ടാൽ അവധികഴിഞ്ഞ ഉടൻ മുറക്ക ലേലത്തിൽ വില്പിച്ചു സർക്കാരിലേക്ക മുതൽകൂട്ടുമെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു എന്നു ൧൦൮൪ ാമാണ്ടു ധനുമാസം ൨൨ന്നു

൧ ാംക്ലാസ്സു മജിസ്ത്രേട്ടു ഈപ്പൻ ഇട്ടിയെരാ.

കാത്തികപ്പള്ളി ൨ ാം ക്ലാസ്സു മജിസ്ത്രേട്ടുകോട്ടിൽനിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഹരിപ്പാട്ടു സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള ൧ം കക്ഷികൾക്ക കൊടുത്തു തീർക്കേണ്ടതുമായ താഴെ പറയുന്ന തൊണ്ടിസാമാനം ഏറ്റുകൊണ്ടു പോകുന്നതിനു കക്ഷികൾക്കു നോട്ടീസുകൊടുത്തിട്ടും ഇതുപൊലെ ഏറ്റുകൊണ്ടുപൊയിട്ടില്ലെന്നു കാണുന്നതിനാൽ ൪൦ം പരസ്യം ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ൩൦ ദിവസത്തിനകം ഉടമസ്ഥന്മാർ ൪൦ം കോട്ടിൽ ഹാജരായി ഏറ്റുവാങ്ങിച്ചു കൊള്ളേണം. അല്ലാത്തപക്ഷം അവധികഴിഞ്ഞാലുടൻ ലേലത്തിൽ വില്പിച്ചു ൪൦ംടാകുന്നപണം സർക്കാരിലെക്ക മുതൽകൂട്ടുന്നതാകുന്നു എന്നു

൧൦൮൪ ധനു ൫ന്നു

൨ ാം ക്ലാസ്സു മജിസ്ത്രേട്ടു കെ. പത്മനാഭൻതമ്പി

| തൊണ്ടി ഹാജരാക്കിയ കെസിലെ ആണ്ടും നമ്പരും | തൊണ്ടിയുടെ വിവരം | തൊണ്ടി ഇന്നവിധം ചെയ്യണമെന്നുണ്ടായ തീർപ്പു വിവരം |
|---|---|---|
| ൮൩ ൽ ഫയൽ നമ്പർ ൩൨൨ | പ്ലാങ്കമ്പുകൾ എണ്ണം ൧൨ കീറിയവിറ [illegible] | തൊണ്ടിയുടമസ്ഥനു തിരിയെ വച്ചുകൊടുക്കപ്പെട്ടു. |

കൊല്ലം ഡിവിഷൻ ഫസ്റ്റ് ക്ലാസ്സ് മജിസ്ത്രേട്ടുകോട്ടിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഈ കോടതിയിൽ ൧൦൯൭ മാണ്ടു ഫയൽ ൨൮൦ാം നമ്പരിൽ തൊണ്ടിവക സാധനങ്ങൾ ൨൧ാം തിയതി കൊല്ലം ടി നമ്പരിൽ വാദിയായ ആയിക്കുടി മണിയമ്പലിൽ അനന്തപുരത്തിൽ ഹരിഹരപുത്രപിള്ള കൈക്കലായി ഷണ്മുഖവടിവു അമ്മാളെ ഏല്പിക്കണമെന്നു ഉത്തരവു ചെയ്കയും ആ ഷണ്മുഖവടിവു അമ്മാൾ മരിച്ചുപോയിരിക്കുന്നപ്രകാരം റിക്കാർട്ടുകളാൽ കാണുകയും ചെയ്തിരിക്കുന്നു.

മേൽപ്പറഞ്ഞ ഷണ്മുഖവടിവു അമ്മാൾക്കു അവകാശികളായി ആരെല്ലാം ഉണ്ടെന്നു വിചാരണ നടത്തി എഴുതി അയപ്പാൻ ചെങ്കോട്ട തഹശീൽദാർക്കു എഴുതി അയച്ചിരുന്നതിന് ടിയാളുടെ ചെട്ടിയാവസ ഹരിഹരപുത്രപിള്ളയും കൂടി പിറന്ന ജ്യേഷ്ഠൻ കുത്താലലിംഗം പിള്ളയുടെ മകൻ അനന്തപുരത്തിൽ പാർക്കുന്ന ശങ്കരനാരായണപിള്ള അല്ലാതെ വേറെ ആരും ഇല്ലെന്നു ആ തഹശീൽദാരുടെ മറുപടിയും വന്നിരിക്കുന്നു.

അതിനാൽ ടി ഷണ്മുഖവടിവു അമ്മാളുടെ അവകാശി എന്നു കാണുന്ന ശങ്കരനാരായണപിള്ളയെ കൂടാതെ വേറെ ന്യായമായ അവകാശികൾ ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ൩൦ ദിവസത്തിനകം ഈ കോടതിയിൽ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞാൽ ഉടനെ തൊണ്ടിസാമാനം മുൻപോലെ ശങ്കരനാരായണപിള്ളക്കു കൊടുപ്പിക്കുമെന്നുള്ളതും ആകുന്നു എന്നു ൧൦൯൭ ധനു ൨൮-

ഫസ്റ്റ് ക്ലാസ്സ് മജിസ്ത്രേട്ടു കെ. അനന്തനാരായണയ്യർ.

---

തിരുവനന്തപുരം പണിവകമരാമത്തു കച്ചേരിയിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧൦൯൬ മാണ്ടുവരെ ഉള്ള സ്റ്റാക്കിൽ മുതൽകൊണ്ടു പണിവക സ്റ്റോറിൽ കിടക്കുന്നതും ഈ പണിവകക്കു ആവശ്യമില്ലാത്തതും ആയ വരിയൻതകട്ട, മാർബിൾകല്ലു മുതലായ സാമാനങ്ങൾ ഈ വരുന്ന മകരമാസം ൨൦-ാം- മുതൽ സാമാനങ്ങൾ വിറ്റുതീരുന്നതുവരെ ദിവസംതോറും പകൽ ൩ മണിക്കു ഈ കച്ചേരിമുറ്റത്തു വെളിയിൽവച്ചു ലേലത്തിൽ വില്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

൧. സാമാനങ്ങളെ ലേലത്തിൽ വാങ്ങിപ്പാൻ ആഗ്രഹമുള്ള ആളുകൾ ലേലസമയം സ്ഥലത്തു ഹാജരായി കൂടുതൽ തുകക്കു വിളികേൾക്കയും ലേലം സ്ഥിരപ്പെടുത്തിക്കൂടുമ്പോൾ ഉടനെ പണം ഒടുക്കി സാമാനങ്ങളെ കൊണ്ടുപോകയും ചെയ്യേണ്ടതാകുന്നു.

൨. പണം ഒടുക്കുന്നതിനു മുമ്പായി ലേലക്കാർക്കു സാമാനങ്ങളെ കൈവശപ്പെടുത്തി കൊടുക്കുന്നതല്ലാത്തതും ലേലം സ്ഥിരപ്പെടുത്തിയതിൽ പിന്നീടു സാമാനങ്ങളെക്കുറിച്ചു എന്തെങ്കിലും ആക്ഷേപങ്ങളോ മറ്റോ പുറപ്പെടുവിക്കുന്നതായാൽ അതുകളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. സാമാനങ്ങൾ ലേലത്തിൽ വിളിക്കൊണ്ടിട്ടുള്ളതിൽ ആരെങ്കിലും ൧-ാം വകുപ്പനുസരിച്ചു ഉടനെ പണം ഒടുക്കാതെ പിൻമാറി പോകയോ അവധി പറഞ്ഞു താമസപ്പെടുത്തുകയോ ചെയ്യുന്നതായാൽ തൽക്ഷണം ആ വസ്തു ലേലം ചെയ്യുന്നതാണ്.

൪. അങ്ങനെ ലേലം ചെയ്യുന്നതിൽ ആദ്യ ലേലത്തിൽ നിന്നും കുറവു വരുന്നതായാൽ ആ സംഖ്യ മുൻ ലേലക്കാരനിൽനിന്നും വസൂൽ ചെയ്യുമെന്നുള്ളതും കൂടുതൽ വരുന്നപക്ഷം അതിലേക്കു ആദ്യ ലേലക്കാരനു അവകാശം പറഞ്ഞുകൂടാത്തതുമാകുന്നു എന്നു

൧൦൯൭ ധനുമാസം ൨൧-

ശിരസ്തദാർ ശങ്കരപ്പിള്ള.

ചെങ്കോട്ട താലൂക്കിൽ നിന്നും നശിപ്പിക്കേണ്ട റിക്കാൎട്ടുകളുടെ വകക്കുള്ള ശട്ടത്തിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള കാലത്തെ ഭേദഗതി ചെയ്യേണ്ടതിനു അഭിപ്രായം കണ്ടെഴുതിയ ലിസ്റ്റു

| നമ്പർ | റിക്കാൎട്ടുകളുടെ ഇന വിവരം | ഇപ്പഴത്തെ ചട്ടപ്രകാരം നശിപ്പിക്കെണ്ട സമയം | ഭെദ ഇനികാലത്തു നശിപ്പിക്കണമെന്നും |
|---|---|---|---|
| ൧ | ഉത്തരവുമുടക്കം റിപ്പോൎട്ടുകൾ | ൨ വൎഷം കഴിഞ്ഞാൽ | ൨ വൎഷം |
